

ബൈബിൾ ചിത്രകഥ 14
ഏലിയാ
MAR LOUIS PUBLICATIONS

ബൈബിൾ ചിത്രകഥ - 14

# ഏലിയാ

രചന : മൈക്കിൾ കാരിമറ്റം

ചിത്രീകരണം : ദേവസി * ബെന്നി

# ഏലിയാ

മോശയുടെ നേതൃത്വത്തിൽ ഈജിപ്തിൽ നിന്ന് പുറപ്പെട്ടു കാനാൻ ദേശത്ത് വാസമുറപ്പിച്ച ഇസ്രായേൽ ജനം ഗോത്രവർഗ്ഗക്കാരായിരുന്നു. യാഹ്വെയെ മാത്രം രാജാവായി അംഗീകരിച്ചിരുന്ന അവരെ ഗോത്രത്തലവന്മാരാണ് സീനായി ഉടമ്പടിയുടെ നിയമമനുസരിച്ചു ജീവിക്കാൻ പ്രേരിപ്പിച്ചത്. ശത്രുക്കളുടെ ആക്രമണത്തെ ചെറുത്തുനിൽക്കാനാവാതെ ഇസ്രായേൽ

ജനം രാജാവിന് വേണ്ടി മുറവിളികൂട്ടി. സാവൂളിനെ രാജാവായി വാഴിക്കുമ്പോൾ ത്തന്നെ രാജഭരണം ഇസ്രയേലിനൊരു ശാപമായിത്തീരും എന്ന് സാമുവേൽ മുന്നറിയിപ്പ് നൽകിയിരുന്നു.

സോളമൻറെ ഭരണത്തോടെ ഈ മുന്നറിയിപ്പു യാഥാർത്ഥ്യമായിത്തുടങ്ങി. അദ്ദേഹത്തിൻറെ ഭാര്യമാർ ഇസ്രായേലിൽ വിഗ്രഹാരാധന പ്രചരിപ്പിച്ചു. കാലക്രമത്തിൽ യാഹ്വെയുടെ പേരുച്ചരിക്കുന്നതുപോലും കുറ്റകരമായി പരിഗണിക്കപ്പെട്ടു. അതോടൊപ്പം

സീനായ് ഉടമ്പടിയും അതിൻറെ നിബന്ധനകളും വിസ്മൃതിയിലാണ്ടു. രാജാവിനെ ചുറ്റിപ്പറ്റി ഒരു ചെറിയ ന്യൂനപക്ഷം സർവ്വ അധികാരവും സ്വത്തും കയ്യടക്കിയപ്പോൾ ഭൂരിപക്ഷം ജനങ്ങളും അതികഠിനമായ മർദ്ദനത്തിനും ചൂഷണത്തിനും ഇരയായി.

ഈ സാഹചര്യത്തിലാണ് ജനത്തെ ഒന്നടങ്കം മാനസാന്തരത്തിനു ക്ഷണിക്കാനായി ദൈവം പ്രവാചകന്മാരെ അയച്ചത്. ഇപ്രകാരം അയക്കപ്പെട്ട പ്രവാചകരിൽ ഒന്നാമ

നാണ് ഏലിയാ. ബി.സി. ഒമ്പതാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിൽ വടക്കൻ രാജ്യമായ ഇസ്രായേലിലാണ് അദ്ദേഹം ജീവിച്ചിരുന്നത്. "എൻറെ ദൈവം യാഹ്‌വേ" എന്നാണ് പേരിൻറെ അർത്ഥം. 1 രാജ 17 - 21, 2 രാജ 1 - 2, പ്രഭാ 48: 1 - 11, മലാക്കി 4: 5 - 6 എന്നീ ബൈബിൾ ഭാഗങ്ങൾ അദ്ദേഹത്തിൻറെ പ്രവർത്തനങ്ങളെ വിവരിക്കുന്നു.

പേരു സൂചിപ്പിക്കുന്നതുപോലെ തന്നെ, യഹോവയോടുള്ള ഭക്തിയാൽ ജ്വലിച്ചുനിന്ന ഒരു ജീവിതമായിരുന്നു ഏലിയായുടേത്.

അദ്ദേഹത്തിൻ്റെ ജീവിതത്തിൽ മൂന്ന് കാര്യങ്ങൾ മുന്നിട്ടുനിൽക്കുന്നു. 1. യാഹ്വേയിലുള്ള തീഷ്ണമായ വിശ്വാസം. 2. പാവപ്പെട്ടവരോടുള്ള കാരുണ്യം. 3. നീതിക്കു വേണ്ടിയുള്ള പോരാട്ടം.

രാജകോപത്തെ ഭയന്ന് ജനം ഒന്നടങ്കം ബാൽദേവനെ ആരാധിക്കാൻ തയ്യാറാവുന്ന സാഹചര്യത്തിലാണ് യാഹ്വെയുടെ ശക്തനായ വക്താവായി ഏലിയാ രംഗപ്രവേശം ചെയ്തത്. കർത്താവിൻ്റെ


നാമത്തിൽ രാജാവിൻറെ മുമ്പിൽ നിർഭയം കയറിച്ചെല്ലുകയും അദ്ദേഹത്തിൻറെ അതിക്രമങ്ങളെ തുറന്നുകാട്ടി കഠിനമായ താക്കീതു നൽകുകയും ചെയ്യുന്ന ഏലിയാ കർത്താവിനും നീതിക്കും വേണ്ടി നിലകൊള്ളുന്ന പ്രവാചക പാരമ്പര്യത്തിന്റെ തുടക്കം കുറിക്കുന്നു. ഏലിയായുടെ പ്രവാചക ദൗത്യത്തിന്റെ വിജയമാണ് കർമ്മല മലയിലെ ജനത്തിൻറെ വിശ്വാസപ്രഖ്യാപനം.


ഏത് പ്രതിസന്ധിയിലും കർത്താവിൻറെ അടുക്കൽ അഭയം തേടിയ ഏലിയാ


പ്രാർത്ഥനയുടെ ഉത്തമ മാതൃകയാണ്. ആഴമേറിയ ദൈവാനുഭവം അദ്ദേഹത്തെ പാവങ്ങളോട് കരുണയുള്ളവനാക്കി. സറെഫ്ത്തായിലെ വിധവയുടെയും മകൻറെയും അനുഭവം ഇതു വ്യക്തമാക്കുന്നു. നിഷ്ക്കരുണമായ അധികാരപ്രയോഗം ദരിദ്രരെ തകർത്തപ്പോൾ കർത്താവിൻറെ ക്രോധം അദ്ദേഹത്തിൽ ആളിക്കത്തി. നാബോത്തിൻറെ മുന്തിരിത്തോട്ടത്തിൽ വച്ച് ആഹാബിനെ നേരിടുന്ന ഏലിയാ നീതിയുടെ മുന്നണിപ്പോരാളിയാണ്.

നിസ്സഹായർ, പ്രത്യേകിച്ചും മാരകമായ അപകടത്തിൽപ്പെട്ടവർ, നിലവിളിക്കുമ്പോൾ ഏലിയാ അവരെ സഹായിക്കാൻ വരുമെന്നു യഹൂദർ വിശ്വസിച്ചിരുന്നു. ഇതിലുപരി, അഗ്നിത്തേരിൽ സ്വർഗ്ഗത്തിലേക്കെടുക്കപ്പെട്ട ഏലിയാ ലോകാവസാനത്തിനു തൊട്ടുമുമ്പു മടങ്ങിവരും എന്ന പ്രതീക്ഷ യഹൂദരുടെയിടയിൽ പ്രചാരത്തിലിരുന്നു. മാനസാന്തരം വഴി മനുഷ്യരുടെ ഇടയിൽ ഐക്യം സ്ഥാപിക്കാനും അങ്ങനെ, വരാനിരിക്കുന്ന


ശിക്ഷാവിധിയിൽനിന്ന് ഇസ്രയേൽജനത്തെ രക്ഷിക്കാനും വേണ്ടിയാണ് ഈ മടങ്ങിവരവ്. കർത്താവായ യേശുവിനു വഴിയൊരുക്കാനായി വന്ന സ്നാപകയോഹന്നാനിൽ ഈ പ്രതീക്ഷ പൂർത്തിയായതായി സുവിശേഷങ്ങൾ കാണുന്നു. അങ്ങനെ വ്യാപകമായ അർത്ഥത്തിൽ യേശുവിൻറെ മുന്നോടിയാണ് ഏലിയാ പ്രവാചകൻ.


ബിസി 931-ൽ സോളമൻ രാജാവ് മരിച്ചു. മകൻ റെഹോബൊമിന്റെ സ്ഥാനാരോഹണത്തിന് ഇസ്രായേൽ ഗോത്രങ്ങളെല്ലാം ഷെക്കെം പട്ടണത്തിൽ സമ്മേളിച്ചു.
അങ്ങയുടെ പിതാവു ഞങ്ങളുടെ മേൽ ചുമത്തിയ നുകത്തിൻറെ ഭാരം അങ്ങ് കുറച്ചു തരണം.
നികുതി ഇളവു ചെയ്യുക; അടിമവേല നിർത്തലാക്കുക.
നുകത്തിൻറെ ഭാരം ഞാൻ ഇരട്ടിപ്പിക്കും. എതിർക്കുന്നവരെ ഞാൻ മുൾചാട്ട കൊണ്ടടിക്കും.



ജനത്തിൽ കലാപമുണ്ടായി. പത്തു ഗോത്രങ്ങൾ തെറ്റി പിരിഞ്ഞു. യൂദാ - ബെഞ്ചമിൻ ഗോത്രങ്ങൾ മാത്രം റെഹോബൊവാമിന്റെ കൂടെ നിന്നു.
?
ഈ രാജാവിനെ കല്ലെറിഞ്ഞു കൊല്ലണം. അതിക്രമങ്ങൾക്ക് അറുതി വരുത്തണം.
യൂദാ ഗോത്രവും ദാവീദ് ഭവനവുമായി നമുക്കെന്തു ബന്ധം? ഇസ്രായേലേ, വീടുകളിലേക്കു മടങ്ങുക.


റെഹോബൊവാം ഭയന്നു ജറുസലേമിലേക്കു പിന്മാറി. കലഹിച്ച പത്തു ഗോത്രങ്ങൾ 'ഇസ്രായേൽ' എന്ന പേരിൽ ഒരു രാജ്യം സ്ഥാപിച്ചു. ജെറോബൊവാമിനെ രാജാവാക്കി. ജനപിന്തുണ ഉറപ്പുവരുത്താനായി ജെറോബൊവാം ദേവാലയങ്ങൾ പണിതു വിഗ്രഹങ്ങൾ പ്രതിഷ്ഠിച്ചു. ബെഥേലിലെ ദേവാലയം:
നിങ്ങൾ ഇനിമേൽ ആരാധിക്കാനായി ജെറുസലേമിൽ പോകേണ്ടതില്ല. ഇസ്രയേലേ, ഇതാ നിന്റെ ദൈവം.
എത്ര സുന്ദരനായ ദൈവം!
എത്ര മനോഹരമായ ദേവാലയം!


ജെറോബൊവാമിന്റെ
ഭരണകാലത്ത് ഇസ്രയേലിൽ
വിഗ്രഹാരാധന
വർദ്ധിച്ചു. അദ്ദേഹത്തിൻറെ
മരണശേഷം രാജ്യം
കലാപങ്ങളിൽ മുഴുകി.



ഒന്നൊന്നായി നാലു രാജാക്കന്മാർ കൊല്ലപ്പെട്ടു. അവസാനം ബി. സി. 885-ൽ സൈന്യാധിപനായ ഓമ്രി പട്ടാള വിപ്ലവത്തിലൂടെ അധികാരമേറ്റു.
സഹോദരങ്ങളേ, നമ്മൾ പരസ്പരം പടവെട്ടി നശിക്കാൻ പാടില്ല. ഒറ്റക്കെട്ടായി നിന്നു പൊതു ശത്രുക്കളെ നേരിടണം. നമുക്കു നഷ്ടപ്പെട്ട സ്ഥലങ്ങൾ പിടിച്ചെടുക്കണം.
!



ചെറിയ രാജ്യങ്ങളെ ഓമ്രി യുദ്ധത്തിൽ തോൽപ്പിച്ചു. പ്രബല രാജ്യങ്ങളുമായി സമാധാന ഉടമ്പടികളുണ്ടാക്കി. സമരിയാമല വിലയ്ക്കു വാങ്ങി. അവിടെ ഇസ്രയേലിന്റെ തലസ്ഥാന നഗരം പണിതു - സമരിയാ പട്ടണം.


ടയിർ രാജാവായ
ഇത്തോബാലിന്റെ മകൾ
ജെസബെലിനെ തൻറെ
മകനായ ആഹാബിന്
ഭാര്യയായി സ്വീകരിച്ചു
കൊണ്ട് ഉടമ്പടിയുണ്ടാക്കി.

ആഹാബിന്റെ വിവാഹം കഴിഞ്ഞ് ഏറെ താമസിയാതെ ഓമ്രി മരിച്ചു. പെട്ടെന്നുണ്ടായ ആ മരണത്തിന്റെ പിന്നിൽ ജസബെലിന്റെ കൈകൾ ഉണ്ടായിരുന്നു എന്ന് ചിലരൊക്കെ അടക്കം പറഞ്ഞു. ആഹാബ് ഭരണമേറ്റു.






മരിച്ച പിതാവിനെ താഴ്ത്തി പറയുകയാണെന്ന് കരുതരുത്. നാട്ടിനുള്ളിൽ തന്നെയുള്ള ശത്രുക്കളെ ഉന്മൂലനം ചെയ്യാൻ അദ്ദേഹത്തിനു കഴിഞ്ഞില്ല.
നീ എന്താ സൂചിപ്പിക്കുന്നത്?


നിങ്ങളുടെ പ്രവാചകന്മാരില്ലേ? യാഹ്വേയുടെ പേരു പറഞ്ഞു നടക്കുന്ന ആ വിപ്ലവകാരികൾ! അവരാണ് നമ്മുടെ യഥാർത്ഥ ശത്രുക്കൾ.
അവർ നിരുപദ്രവികളായ മതപ്രസംഗകരല്ലേ? ഇസ്രായേലിനെ ഈജിപ്തിൽനിന്നു മോചിപ്പിച്ച യാഹ്വേയിലുള്ള വിശ്വാസം നഷ്ടപ്പെടാതെ കാത്തുസൂക്ഷിക്കുന്നത് അവരല്ലേ?
അങ്ങാണ് രാജാവ്. യാഹ്വേ രാജാക്കന്മാരുടെ ദൈവമല്ല അടിമകളുടെ ദൈവമാണ് എന്ന കാര്യം മറക്കരുത്.


അതു മുഴുവൻ ശരിയല്ല. ദാവീദിനെയും ജെറോബൊവാമിനെയും ഒക്കെ രാജാവാക്കിയത് യാഹ്‌വേയല്ലേ?
അടിമകൾക്ക് വിടുതൽ നൽകാൻ ആവശ്യപ്പെടുന്ന ദൈവം നമുക്ക് ഒരു ഭീഷണി-യായിരിക്കും.
അതിന് എന്തു ചെയ്യണമെന്നാണ് നീ പറയുന്നത്?


യാഹ്‌വെയിലുള്ള വിശ്വാസം സാവധാനം ക്ഷയിക്കണം. പകരം രാജാക്കന്മാരുടെ ദൈവമായ ബാൽ ഇവിടെ വളരണം.


ജനം സമ്മതിക്കുകയില്ല.
അങ്ങ് ഭയപ്പെടേണ്ട. എന്നെ വിശ്വസിക്കൂ. ജനത്തെ ഞാൻ സാവധാനം കൈകാര്യം ചെയ്യാം.
സൈന്യത്തിൽ നല്ലൊരു ഭാഗം യാഹ്‌വേ വിശ്വാസികൾ ആണെന്ന കാര്യം മറക്കരുത്.




തൻറെ പദ്ധതിയുടെ ആദ്യപടിയായി ജെസ്സബെൽ യാഹ്-വേയുടെ ആലയത്തിൽ ബാൽ വിഗ്രഹം സ്ഥാപിച്ചു. ദിവസേന രാവിലെയും വൈകിട്ടും ബലിയർപ്പിച്ചു.
ഭൂമിക്കും മനുഷ്യർക്കും സമൃദ്ധി നൽകുന്ന ബാൽ ദേവാ നല്ല കാലാവസ്ഥയും സമൃദ്ധമായ വിളവും നൽകി ഞങ്ങളുടെ നാടിനെ അനുഗ്രഹിക്കണമേ.


സന്താനദാനത്തിന്റെ മദ്ധ്യസ്ഥനായ ബാൽദേവാ ഈ ദമ്പതികളുടെ വന്ധ്യത്വം നീക്കി ധാരാളം മക്കളെ നൽകി ഇവരെ അനുഗ്രഹിച്ചാലും.


ഈ സ്വരൂപം നിങ്ങൾ വീട്ടിൽ
വച്ചു പൂജിക്കണം. നിങ്ങൾക്ക്
ധാരാളം
മക്കളുണ്ടാകും. വയലിൽ
സമൃദ്ധമായി ഗോതമ്പ്
വിളയും.
!!


ആ വർഷം നല്ല കാലാവസ്ഥയായിരുന്നു. സമൃദ്ധമായ വിളവുമുണ്ടായി. കർഷകർ തമ്മിലുള്ള സംഭാഷണം:
എനിക്ക് ഓർമ്മ വച്ചതിൽ പിന്നെ ഇത്രയും നല്ലൊരു വിളവു കിട്ടിയി-ട്ടില്ല. ബാൽദേവന്റെ അനുഗ്രഹമാണ്.
യഥാർത്ഥത്തിൽ ബാൽ തന്നെയായിരിക്കുമോ ദൈവം?
ദൈവദൂഷണം പറയരുത്. മഴ പെയ്താൽ വിളവ് ഉണ്ടാകും.



നമ്മുടെ തെക്കേതിലെ അദോനിയായെ അറിയില്ലേ.
പിന്നെ, അറിയുമോ എന്ന്! വർഷങ്ങളായി മക്കളില്ലാതെ കഴിയുന്ന ആ ഷണ്ഡനല്ലേ?



ഷണ്ഡത്വമൊക്കെ പോയി. അയാൾ പേരുമാറ്റി. ബാലിന്റെ ബഹുമാനാർത്ഥം ഇഷ്ബാൽ എന്ന പേരു സ്വീകരിച്ചു. ബാലിനു ബലിയർപ്പിച്ചു. ഇതാ ഒറ്റയടിക്ക് മക്കൾ മൂന്ന്..
അങ്ങനെയെങ്കിൽ നമ്മളും ബാലിനെ സ്വീകരിക്കുന്നതാ നല്ലത്.


സമർത്ഥമായ നീക്കങ്ങളിലൂടെ ജെസബെൽ ബാൽദേവൻറെ ആരാധന ഇസ്രായേലിൽ പ്രചരിപ്പിച്ചു. രാജഭണ്ഡാരത്തിൽ നിന്ന് ശമ്പളം പറ്റിയ പുരോഹിതന്മാർ കൃത്രിമ അത്ഭുതങ്ങളും വ്യാജപ്രചരണങ്ങളും വഴി ജനത്തെ ബാലിലേക്ക് ആകർഷിച്ചു.
മഹാരാജാവ് ആഹാബും മഹാറാണി ജെസബെലും കൽപ്പിക്കുന്നു. ഇസ്രയേൽജനമേ ശ്രദ്ധിച്ചു കേൾക്കുവിൻ...


ഇന്നുമുതൽ ബാൽദേവനായിരിക്കും ഇസ്രായേലിൻറെ ദൈവം. എല്ലാ പട്ടണങ്ങളിലും രാജാവിൻറെ ചെലവിൽ ബാൽദേവന് ക്ഷേത്രങ്ങൾ പണിയും. ആഴ്ചതോറും ബലിയർപ്പിക്കും. ഗ്രാമങ്ങളിലെ ജനങ്ങൾ സ്വന്തം ചെലവിൽ ക്ഷേത്രങ്ങൾ പണിതു ദിവസേന ബലിയർപ്പിക്കണം.



ഇനിമേൽ യാഹ്‌വേയ്ക്കു ബലിയർപ്പിച്ചുകൂടാ. ആ നാമം പോലും ആരും പരസ്യമായി ഉച്ചരിക്കാൻ പാടില്ലാത്തതാകുന്നു. എല്ലാ വീടുകളിലും ബാലിന്റെ വിഗ്രഹം പ്രതിഷ്ഠിക്കണം. ബാലിന്റെ പുരോഹിതരാകാൻ ആഗ്രഹിക്കുന്നവർ പട്ടണത്തിലെ പ്രധാന പുരോഹി-തൻറെ മുമ്പിൽ ഒരാഴ്ചയ്ക്കകം പേരു കൊടുക്കുക. ബാൽ പുരോഹിതന്മാർക്ക് പ്രതിമാസം നൂറു വെള്ളി ശമ്പളം.



ജനത്തിന്റെ പ്രതികരണശേഷി നഷ്ടപ്പെട്ടു. യാഹ്വേക്കും അവിടുത്തെ നിയമങ്ങൾക്കും വേണ്ടി നിലകൊണ്ടവരെ രാജസേവകർ തിരഞ്ഞുപിടിച്ചു തൂക്കിലിട്ടു. അന്നൊരു ദിവസം സമറിയായിലെ കൊട്ടാരത്തിൽ:
അങ്ങേയ്ക്ക് എന്ത് സംഭവിച്ചു? എന്താണിത്ര വിഷാദം?
പിതാക്കന്മാരുടെ ദൈവമായ യാഹ്വെയെ ഇങ്ങനെ വിസ്മരിക്കുന്നതും അവഹേളിക്കുന്നതും എന്നെ അലട്ടുന്നു ജെസബെൽ.



നിങ്ങളുടെ ഒരു യാഹ്‌വേ! എത്ര തവണ നമ്മൾ സംസാരിച്ചതാണീ കാര്യം.. ബാലിന്റെ അനുഗ്രഹവും ശക്തിയും നിങ്ങൾ കാണുമ്പോൾ പിന്നെ എന്തിനീ യാഹ്‌വേ വിചാരം?
എനിക്കറിയില്ല. പക്ഷേ അത് വിട്ടു മാറുന്നില്ല. എന്നാലും ഇന്ന് എന്നെ അലട്ടുന്ന പ്രശ്നം മറ്റൊന്നാണ്.
?



പറയൂ. പരിഹാരം ഇല്ലാത്ത ഒരു പ്രശ്നവും രാജാവിനു ഉണ്ടാകാൻ പാടില്ല.
ജെറുസലേമിലെ നമ്മുടെ വേനൽക്കാല വസതിയില്ലേ, അതിനടുത്ത് ആ മനോഹരമായ മുന്തിരിത്തോട്ടം നീ കണ്ടിട്ടുണ്ടോ?



കണ്ടിട്ടുണ്ടോന്ന്. നാമ്പോത്തിൻറെ തോട്ടമല്ലേ? എത്ര നന്നായി അവൻ തോട്ടം സംരക്ഷിക്കുന്നു. അവനെ നമുക്ക് കൃഷികാര്യമന്ത്രി ആക്കിയാലോ എന്നു ഞാൻ ആലോചിക്കുകയായിരുന്നു.
അത് ശരി, ആ സ്ഥലം വിലയ്ക്കു വാങ്ങണം എന്ന് ഞാൻ കരുതി. നമുക്കു നല്ലൊരു പച്ചക്കറിത്തോട്ടവും ചെറിയൊരു ഉദ്യാനവും ഉണ്ടാക്കാമായിരുന്നു.
എന്നിട്ടെന്തേ? ഖജനാവിൽ പണമില്ലേ?
!


അവൻ സ്ഥലം വിൽക്കില്ല പോലും! പകരം ഇരട്ടിസ്ഥലം വേറെ കൊടുക്കാം എന്നു പറഞ്ഞിട്ടും അവൻ വഴങ്ങുന്നില്ല. യാഹ്-വേയുടെ നിയമപ്രകാരം പിതൃസ്വത്ത് കൈമാറാൻ പാടില്ലത്രേ.


അത്രയ്ക്കായോ! യാഹ്-
വേയും നിയമവും! അങ്ങിത്ര
വിഡ്ഢിയായിപ്പോയല്ലോ. മൂന്ന്
ദിവസത്തിനകം നാബോത്തിന്റെ
തോട്ടം അങ്ങയുടെതായിരിക്കും.


നീ എന്താണു ചെയ്യാൻ പോകുന്നത്?
എണീറ്റു സന്തോഷമായി ഭക്ഷണം കഴിക്കൂ. ങ്ഹാ! ആ മുദ്രമോതിരമിങ്ങു തരൂ.



അന്നുതന്നെ ജെസബെൽ ജെസ്രേലിലെ
ശ്രേഷ്ഠന്മാർക്ക് ഒരു കൽപ്പനയയച്ചു.
അതിൽ ഇപ്രകാരം എഴുതിയിരുന്നു:
ജെസ്രേൽ നഗരത്തിലെ ശ്രേഷ്ഠന്മാർക്കു
വന്ദനം. ഇന്നേക്കു മൂന്നാം ദിവസം
നഗരത്തിൽ ഉപവാസം
ആചരിക്കണം. വൈകുന്നേരം
പൊതുസമ്മേളനം
കൂടണം. നാബോത്തായിരിക്കണം സമ്മേളന
ത്തിന്റെ അധ്യക്ഷൻ. അവൻ ദൈവദൂഷണം
പറയുകയും രാജാവിനെതിരേ ഗൂഢാലോചന
നടത്തുകയും ചെയ്തു എന്നു രണ്ടുപേർ
സാക്ഷ്യം പറയട്ടെ.


ദൂതൻ കൽപ്പനയുമായി
ജെസ്രേലിലേക്കു പാഞ്ഞു.



ജെസ്രേലിലെ നഗരസഭ
ഇവൻ ബാലിനു ബലിയർപ്പിക്കുന്നില്ല. യാഹ്വെ മാത്രമാണ് ദൈവം എന്നു പറഞ്ഞു ജനത്തെ വഴിതെറ്റിക്കുന്നു.
നികുതി കൊടുക്കേണ്ടായെന്നും ആഹാബിന്റെ മരണം അടുത്തു എന്നും പറയുന്നു.
കർത്താവാണേ ഞാൻ...
ഇതു രാജദ്രോഹ-മാണ്.



കർത്താവായ ദൈവമേ, ഈ നിരപരാധൻറെ രക്തം അങ്ങ് കാണണമേ!.

നാബോത്ത് കല്ലെറിയപ്പെട്ടു എന്നറിഞ്ഞ ജെസബെൽ ആഹാബിനോട്:




അതേസമയം
തിഷ്ബെക്കാരനായ
ഏലിയാ
മരുഭൂമിയിൽ.
നാടുമുഴുവൻ
വിഗ്രഹങ്ങൾ കൊണ്ടു നിറ
ഞ്ഞു. യാഹ്വേയുടെ നാമം
ഉച്ചരിക്കുക പോലും നാട്ടിൽ
കുറ്റമായി കരുതപ്പെടുന്നു.



നീതി നിഷേധിക്കപ്പെട്ട ജനത്തിന്റെ നിലവിളിയല്ലേ ആ മുഴങ്ങുന്നത്? കർത്താവിൻറെ ഭക്തർ നിഷ്കരണം വധിക്കപ്പെടുമ്പോൾ ഞാൻ ഇങ്ങനെ നിഷ്ക്രിയനായി ഇരുന്നാൽ മതിയോ?


പക്ഷേ വൃദ്ധനും ഏകാകിയുമായി ഞാൻ എന്തു ചെയ്യും? കർത്താവേ അങ്ങെന്തേ നിശബ്ദനായിരിക്കുന്നു?


ഏലിയാ,
നീ ഭയപ്പെടേണ്ടാ. ഞാൻ
നിന്നോടു
കൂടെയുണ്ട്. പോകൂ!
നാബോത്തിൻറെ രക്തം
കട്ടപിടിച്ചു കിടക്കുന്ന
മുന്തിരിത്തോപ്പിൽ വച്ച്
ആഹാബിനെ നേരിടൂ.


നാബോത്തിൻറെ മുന്തിരിത്തോട്ടത്തിന
ടുത്തുവച്ച് അവർ കണ്ടുമുട്ടി.
ആഹാബ്, ഇസ്രായേലിനെ നശിപ്പിക്കുന്ന ദുഷ്ടാ!
!?


നീ ആരാണ്?
നീ അവഹേളിച്ച കർത്താവായ യാഹ്വേയുടെ ശബ്ദമാണ് ഞാൻ.
?



എൻറെ ജനത്തെ നീ വഴിതെറ്റിച്ചു. ബാലിന്റെ വിഗ്രഹങ്ങൾ കൊണ്ട് നാട് അശുദ്ധമാക്കി. കർത്താവിൻറെ നിയമങ്ങൾ നീ കാറ്റിൽ പറത്തി.


നിരപരാധരായ സാധുക്കളെ നീ വഴിയാധാരമാക്കി.
ഞാൻ നിയമമനുസരിച്ചാണു പെരുമാറുന്നത്.
നിഷ്കളങ്കനായ നാബോത്തിനെ നീ കൊലചെയ്തു. ഇപ്പോൾ അവന്റെ വസ്തു കയ്യേറുന്നുവോ? നാബോത്തിൻറെ രക്തം നായ്ക്കൾ നക്കിക്കുടിച്ച ഈ പറമ്പിൽ വച്ചു നിന്റെ രക്തവും നായ്ക്കൾ നക്കിക്കുടിക്കും.
!?



നിൻറെ മക്കളെ കാട്ടുമൃഗങ്ങളും പറവകളും തിന്നും. നിന്റെ ഭാര്യയുടെ ശവം നായ്ക്കൾ കടിച്ചു കീറും.
ഞാൻ തെറ്റുചെയ്തുപോയി. പ്രവാചകനായ അങ്ങ് എനിക്കു വേണ്ടി പ്രാർത്ഥിക്കണം.



നിനക്ക് മാപ്പില്ല. വിഗ്രഹങ്ങൾ കൊണ്ടു നീ അശുദ്ധമാക്കിയ ഈ രാജ്യത്ത് ഞാൻ പറയാതെ ഇനി മഴ പെയ്യില്ല. പൊടിമഞ്ഞു പോലും വീഴില്ല. നിൻറെ ബാൽ സമൃദ്ധി തരുന്നതൊന്നു കാണട്ടെ.

കർത്താവിൻറെ വാക്കുകൾ ആഹാബിനെ അറിയിച്ചശേഷം ഏലിയാ ജോർദാൻ നദിയുടെ കിഴക്ക് വനത്തിൽ ഒരു അരുവിക്കരയിൽ പോയി ഒളിച്ചു. ആഹാബ് കൊട്ടാരത്തിൽ മടങ്ങിവന്ന് തനിക്ക് സംഭവിച്ചവ ജെസബെലിനോട് പറഞ്ഞു.




ആ കിഴവനെ ജീവനോടെ പിടിച്ചുകൊണ്ടുവരാൻ ഞാൻ പടയാളികളെ നാലുദിക്കിലേക്കും അയച്ചിട്ടുണ്ട്. അവനെ ബാലിനു ബലിയർപ്പിക്കുന്നതു ജനം കാണണം.


അയാൾ എവിടെ നിന്ന് വരുന്നെന്നോ എങ്ങോട്ടു പോകുന്നെന്നോ ആരും അറിയില്ല. നമ്മൾ മനസ്തപിച്ചു കർത്താവിലേക്ക് തിരിയുകയാണു വേണ്ടത്.
!?
ബാൽ അല്ലാതെ മറ്റൊരു ദൈവമില്ല. ആ കിഴവൻ ഭൂഗർഭത്തിൽ പോയി ഒളിച്ചാലും ഞാൻ അവനെ തേടി പിടിക്കും.


വേനൽ ശക്തമായിക്കൊണ്ടിരുന്നു. മഴ കിട്ടാതെ പാടങ്ങൾ ഉണങ്ങി. അരുവികളും കിണറുകളും വറ്റി. വനത്തിൽ വസിച്ചിരുന്ന ഏലിയായ്ക്കു ദിവസം തോറും കാക്കകൾ അപ്പം കൊണ്ടുവന്നു കൊടുത്തിരുന്നു.
അപ്പവും വെള്ളവും തന്ന് എന്നെ പരിപാലിക്കുന്ന കാരുണ്യവാനായ ദൈവമേ, അങ്ങേക്കു സ്ത്രോത്രം.


ആരാണാവോ ആ
വരുന്നത്?
ജെസബെലിൻറെ പടയാ
ളികൾ എന്നെ തേടി
ഇറങ്ങിയിരിക്കുന്നതാ
വും... ഒരു പടയാളി
തന്നെ, സംശയമില്ല.



ഇതാര്! സേനാധിപൻ ഒബാദിയായോ? എന്തുണ്ട് മകനെ ഇസ്രായേലിൽ വിശേഷം?
വിശേഷമല്ലേയുള്ളു. നാടുമുഴുവൻ കരിഞ്ഞുണങ്ങി. ജലാശയങ്ങളെല്ലാം വറ്റി വരണ്ടു. പലേടത്തും തീ പിടുത്തവുമുണ്ടായി.
?!



ബാലിന് ആഴ്ചതോറും നരബലിയാണ് ഇപ്പോൾ അർപ്പിക്കുന്നത്. യാഹ്വേയുടെ വിശ്വാസികളെ തിരഞ്ഞു പിടിച്ചു കൊല്ലുകയാണ്. കുറേയേറെപ്പേരെ ഞാൻ രക്ഷപ്പെടുത്തി.


അങ്ങയെ പിടിച്ചുകൊടുത്തില്ലെങ്കിൽ എന്നെ തൂക്കിലിടും. പക്ഷേ മരിക്കാൻ എനിക്കു ഭയമില്ല. കർത്താവിനു വേണ്ടിയല്ലേ!
ധൈര്യമായിരിക്കൂ, കർത്താവു നിന്നെ കൈവിടുകയില്ല.



ഒബാദിയാ പോയിക്കഴിഞ്ഞപ്പോൾ.
കർത്താവേ, ഇനിയും എത്രനാൾ! പാവപ്പെട്ട ജനം പട്ടിണികിടന്നു മരിക്കുന്നു. നിരപരാധരുടെ രക്തം ബാലിന്റെ ബലിപീഠത്തിൽ ഒഴുകുന്നു. അങ്ങെന്തേ നിശബ്ദനായിരിക്കുന്നു? ഈ വരൾച്ചയും ക്ഷാമവും രാജകുടുംബത്തെ ബാധിക്കില്ലല്ലോ.



എന്നെ പരിത്യജിച്ചവർ തങ്ങളുടെ
തെറ്റ് മനസ്സിലാക്കുന്നതു വരെ.
നീ എണീറ്റ്
സീദോനിലെ സറെഫതായിലേക്കു
പോവുക. അവിടെ ഒരു വിധവ
നിനക്ക് ആഹാരം നൽകും. ഈ
അരുവി വറ്റാൻ പോവുകയാണ്.


ഏലിയാ സറെഫതാ ഗ്രാമത്തിൽ എത്തി.
എനിക്കു കുടിക്കാൻ ഒരു പാത്രം വെള്ളം തരണം. തിന്നാൻ ഒരു കഷണം അപ്പവും.
ആകെ ഒരപ്പം ഉണ്ടാക്കാനുള്ള മാവും അൽപ്പം എണ്ണയും മാത്രമേ വീട്ടിൽ അവശേഷിച്ചിട്ടുള്ളൂ. അത് ഉണ്ടാക്കി തിന്നിട്ട് ഈ വിധവയും എൻറെ ഏക മകനും മരിക്കാൻ ഒരുങ്ങുകയാണ്.
ഞാൻ പറഞ്ഞതുപോലെ ചെയ്യൂ. നിങ്ങൾ പട്ടിണി കിടക്കാതെ കർത്താവ് കാത്തുകൊള്ളും



ഏലിയാ അവിടെ താമസമാക്കി. വരൾച്ച അവസാനിക്കുന്നതുവരെ കലത്തിലെ മാവും ഭരണിയിലെ എണ്ണയും തീർന്നില്ല. അങ്ങനെയിരിക്കെ വിധവയുടെ മകൻ രോഗം ബാധിച്ചു മരിച്ചു.
എന്റെ മകനെ കൊല്ലാൻ വേണ്ടിയാണോ അങ്ങിവിടെ വന്നത്? ഞാൻ എന്തു തെറ്റു ചെയ്തിട്ടാണ് എനിക്കീ ദുരന്തം വരുത്തിയത്?
സമാധാനമായിരിക്കൂ. നിന്റെ മകൻ ജീവിക്കും.


മരിച്ച കുട്ടിയെ ഏലിയാ തന്റെ കട്ടിലിൽ കിടത്തി. കർത്താവിനോടു മുട്ടിപ്പായി പ്രാർത്ഥിച്ചു.
കർത്താവായ ദൈവമേ, ഈ ദാസൻറെ പ്രാർത്ഥന കേൾക്കണമേ. വിധവകളുടെ സംരക്ഷകനും അഗതികൾക്ക് ആശ്രയവുമായവനേ, ഈ കുട്ടിയുടെ ജീവൻ തിരിച്ചു നൽകണമേ....


കർത്താവു പ്രാർത്ഥന
കേട്ടു. കുട്ടിക്കു ജീവൻ
തിരിച്ചുകിട്ടി.
സത്യമായും കർത്താവു
മാത്രമാണു ദൈവം.
അങ്ങാണ് അവൻറെ
പ്രവാചകൻ.
!


വരൾച്ച തുടങ്ങി മൂന്നര വർഷങ്ങൾക്കു ശേഷം കർത്താവിൻറെ കൽപ്പനയനുസരിച്ച് ഏലിയാ ഇസ്രയേലിലേക്കു മടങ്ങി. സമറിയായുടെ പരിസരത്തുവച്ച് അഹാബുമായി കണ്ടുമുട്ടി.
ഇസ്രയേലിന്റെ ശാപമായ ദ്രോഹീ, നിൻറെ നരച്ച തല ഇനിയും പാതാളത്തിൽ എത്തിയില്ലേ?
!?
ശാപം നിന്റെ തലയിൽ തന്നെയാണ്. എന്തേ നിൻറെ ബാൽ ഇതുവരെ മഴ പെയ്യിച്ചില്ലേ?



ഗുരോ, നാടു നശിക്കുന്നു. ഇനി ഞാൻ എന്തു ചെയ്യണം?
ഇസ്രായേൽ ജനത്തെ മുഴുവൻ കാർമൽ മലയിൽ വിളിച്ചുകൂട്ടുക. ബാലിന്റെ പ്രവാചകന്മാരും പുരോഹിതന്മാരും ഒന്നൊഴിയാതെ അവിടെയുണ്ടാകണം. ആരാണ് ദൈവമെന്ന് നീ കാണും.


ജനം കാർമൽ മലയിൽ ഒരുമിച്ചു കൂടി. ബാലിന്റെയും അഷേരായുടെയും പുരോഹിതന്മാരായി എണ്ണൂറ്റമ്പതു പേരുണ്ടായിരുന്നു. ഏലിയാ ജനത്തോട്:
നിങ്ങൾ എത്രനാൾ രണ്ടുവള്ളങ്ങളിൽ ഒരുമിച്ചു കാൽ വച്ചു സഞ്ചരിക്കും? ബാൽ ആണു ദൈവമെങ്കിൽ അവനെ അനുഗമിക്കുക. കർത്താവാണു ദൈവം എങ്കിൽ അവനെ അനുസരിക്കുക.


എന്തേ നിങ്ങൾ
നിശബ്ദരായിരിക്കുന്നു. തീരുമാനിക്കുവിൻ....
ആകട്ടെ രണ്ടു കാളകളെ കൊണ്ടുവരുവിൻ.


ബാലിന്റെ പുരോഹിതന്മാർ ഒരു കാളയെ ബലിപീഠത്തിൽ വയ്ക്കട്ടെ. ഞാനും ഒരു കാളയെ ബലിപീഠത്തിൽ വയ്ക്കാം. തീ കൊളുത്തരുത്. അഗ്നിയിറക്കി ബലി സ്വീകരിക്കുന്നവനായിരിക്കും ദൈവം.



അങ്ങനെ തന്നെ, നല്ല പരീക്ഷണം.
ബാലിന്റെ പുരോഹിതന്മാർ ആയിരത്തോളം പേരുണ്ടല്ലോ. ഞാൻ ഒറ്റയ്ക്കല്ലേ. അവർ തന്നെ തുടങ്ങട്ടെ.
!??



പുരോഹിതന്മാർ ബലിപീഠം
തയാറാക്കി വിറകടുക്കി. കാളയെ വെട്ടിമുറിച്ചു
വിറകിനു മുകളിൽ വച്ചു ഉച്ചവരെ ബാലിനെ
വിളിച്ചപേക്ഷിച്ചു.
ബാൽ ദേവാ,
ബാൽദേവാ, അഗ്നിയിറക്കു
ബാൽദേവാ..
ഉറക്കെ വിളിക്കിൻ. ബാൽ ഒരു
ദേവനല്ലേ. ഉറക്കമായിരിക്കും.
കൂവി വിളിക്കൂ!
!?


സായാഹ്നമായിട്ടും അഗ്നിയിറങ്ങിയില്ല. അപ്പോൾ കർത്താവിൻറെ തകർന്നു കിടന്നിരുന്ന ബലിപീഠം പുതുക്കി ഏലിയാ മൃഗത്തെ പീഠത്തിൽ വച്ചു. നാലു കുടം വീതം വെള്ളം മൃഗത്തിന് മേൽ മൂന്നുതവണ ഒഴിച്ചു. പീഠവും ചുറ്റുമുള്ള മണ്ണും നനഞ്ഞു കുതിർന്നു.
!!?
കർത്താവായ ദൈവമേ, ചഞ്ചലചിത്തരായ ഈ മനുഷ്യരുടെ മുമ്പിൽ അങ്ങയുടെ മഹത്വം വെളിവാക്കണമേ. അങ്ങ് മാത്രമാണ് ദൈവമെന്നും, അങ്ങാണ് എന്നെ അയച്ചുതെന്നും ഇവർ കണ്ട് അങ്ങിലേക്കു തിരിയട്ടെ.


പ്രാർത്ഥന തീരുന്നതിനു മുൻപ് ആകാശത്തിൽ നിന്ന് അഗ്നിയിറങ്ങി, ബലിമൃഗം കത്തി ചാമ്പലായി.
!!!
കർത്താവു തന്നെ ദൈവം. കർത്താവല്ലാതൊരു ദൈവമില്ല.
ബാലിന്റേയും അഷേറായുടെയും പുരോഹിതന്മാരെ പിടിക്കുവിൻ. ആ കള്ളന്മാരിൽ ഒറ്റയെണ്ണം രക്ഷപെടരുത്.



വ്യാജ പ്രവാചകന്മാരെയും ബാൽ പുരോഹിതന്മാരെയും വാളിനിരയാക്കിയ ശേഷം ഏലിയാ ആഹാബിനോട്:
രഥം പൂട്ടി പാഞ്ഞു പോകൂ. അതാ മഴയുടെ ഇരമ്പൽ കേൾക്കുന്നു.
?!


കനത്ത മഴയിൽ കുളിച്ചാണ് ആഹാബ് കൊട്ടാരത്തിൽ എത്തിയത്. പ്രവാചകന്മാരും പുരോഹിതന്മാരും വധിക്കപ്പെട്ടതറിഞ്ഞ് ജെസബെൽ പൊട്ടിത്തെറിച്ചു.
ഞാൻ ആരാധിക്കുന്ന ബാൽദേവനാണേ നാളെ ഈ നേരമാകുന്നതിനു മുമ്പ് ആ കാട്ടുകിഴവൻ ഏലിയായെ തുണ്ടം തുണ്ടമാക്കി പക്ഷികൾക്ക് ഇട്ടു കൊടുത്തില്ലെങ്കിൽ ഞാൻ ജെസബെലല്ല.
?


റാണിയുടെ ശപഥത്തെക്കുറിച്ച്
അറിഞ്ഞ ഏലിയാ
മരുഭൂമിയിലേക്കു പലായനം
ചെയ്തു. അവിടെ ഒരു
മരച്ചുവട്ടിലിരുന്നു.
കർത്താവേ, ഞാൻ
മടുത്തു. കൊല്ലപ്പെട്ട
പിതാക്കന്മാരേക്കാൾ
ഒട്ടും മെച്ചമല്ല
ഞാൻ. എന്നെയും
വിളിക്കൂ.


മരിക്കാൻ ആഗ്രഹിച്ചു മരച്ചുവട്ടിൽ കിടന്നുറങ്ങിയ ഏലിയായെ
ദൈവദൂതൻ തട്ടിയുണർത്തി.





കർത്താവ് നൽകിയ അപ്പത്തിന്റെ ശക്തിയാൽ ഏലിയാ നാൽപതു രാവും നാൽപതു പകലും യാത്ര ചെയ്ത് കർത്താവിൻറെ മലയായ ഹോറബിൽ എത്തി.
ഇതാണു കർത്താവിൻറെ മല. ഇസ്രായേൽ ജനത്തിനു കർത്താവു കല്പനകൾ നൽകിയ മല.



മലമുകളിലെ ഒരു ഗുഹയിൽ ഏലിയാ ഒളിച്ചിരുന്നു. അപ്പോൾ ഭൂമി കുലുങ്ങി. കൊടുങ്കാറ്റ് അടിച്ചു. അഗ്നിയാളിക്കത്തി. അതിനുശേഷം മന്ദമാരുതൻ വീശി. അപ്പോൾ ഏലിയാ ഗുഹാമുഖത്തേക്കു വന്നു.
ഏലിയാ, നീ ഇവിടെ എന്തു ചെയ്യുന്നു?
കർത്താവായ ദൈവമേ അങ്ങയെക്കുറിച്ചുള്ള തീഷ്ണതയാൽ എരിയുകയാണു ഞാൻ. അങ്ങയുടെ പ്രവാചകന്മാരെയെല്ലാം അവർ കൊന്നൊടുക്കി. ഞാൻ മാത്രം അവശേഷിച്ചു. എന്നെയും അവർ വേട്ടയാടുന്നു.


ബാലിനു മുമ്പിൽ മുട്ടുമടക്കാത്ത
ഏഴായിരം പേർ
ഇസ്രായേലിൽ അവശേഷിച്ചിട്ടുണ്ട്.
ആഹാബിനു പകരം യേഹൂവിനെയും
സിറിയാരാജാവായ ഹസായേലിനെയും
രാജാവായി അഭിഷേചിക്കുക. നിൻറെ
പിൻഗാമിയായി ഏലിഷായേയും.
ആഹാബിനെതിരേ ഞാൻ പറഞ്ഞതു
നിറവേറ്റാൻ പോകുന്നു.


വിപ്ലവകരമായ ദൗത്യവുമായി മടങ്ങിയ ഏലിയാ നിലം ഉഴുന്ന ഏലീഷായെ കണ്ടുമുട്ടി. ശിഷ്യനായി സ്വീകരിക്കുന്നതിൻറെ അടയാളമായി തന്റെ മേലങ്കി അയാളുടെ മേൽ ഇട്ടു.
!!



ഗുരോ, ഞാൻ വീട്ടിൽ പോയി മാതാപിതാക്കന്മാരോട് യാത്ര പറഞ്ഞു വരട്ടെ?
!
കലപ്പയിൽ കൈ വച്ചിട്ടു തിരിഞ്ഞുനോക്കുന്നവൻ എനിക്ക് യോഗ്യനല്ല. പൊയ്ക്കൊള്ളൂ...


ഇല്ല ഞാൻ ഇനി
വീട്ടിലേക്കു പോകുന്നില്ല
അങ്ങയുടെ കൂടെത്തന്നെ
വരുന്നു.


അക്കാലത്ത് ഇസ്രായേൽ രാജാവായ ആഹാബും യൂദാ രാജാവായ യഹോഷാഫാത്തും ചേർന്ന് സിറിയാ രാജാവായ ബെൻഹദാദിനോട് യുദ്ധത്തിനു പോയി. യുദ്ധത്തിൽ ആഹാബിനു മാരകമായി മുറിവേറ്റു.
ആ... രഥം തിരിച്ചു സമറിയായിലേക്ക് ഓടിക്കൂ.... ആ......


ആഹാബിനെക്കുറിച്ചു കർത്താവ് അരുളിച്ചെയ്തത് അങ്ങനെ നിറവേറി. ജെസബെലിനെ സംബന്ധിച്ച പ്രവചനം നിറവേറാൻ ഏറെ വൈകിയില്ല.

# ഏലിയാ തൻറെ ദൗത്യം പൂർത്തിയാക്കി.




അവർ സംസാരിച്ചു-
കൊണ്ടിരുന്നപ്പോൾ ഒരു
ചുഴലിക്കാറ്റും
അഗ്നിയും അവരുടെ
ഇടയിൽ പ്രത്യക്ഷപ്പെട്ടു.

അഗ്നിത്തേരിൽ ഏലിയാ സ്വർഗത്തിലേക്ക് എടുക്കപ്പെട്ടു എന്നാണ് ഐതിഹ്യം. തന്നെ അയച്ച കർത്താവിങ്കലേക്ക് ഏലിയാ മടങ്ങി എന്നാണിത് അർത്ഥമാക്കുക. വിഗ്രഹാരാധനക്കും അനീതിക്കും എതിരേ കർത്താവയയ്ക്കുന്ന സംഹാരഗ്നിപോലെ ആയിരുന്നു ആ പ്രവാചകൻറെ ജീവിതം എന്ന് ഇതു സൂചിപ്പിക്കുന്നു. പ്രവാചകരിൽ അഗ്രഗണ്യനായ ഏലിയായുടെ പിൻഗാമികളിലൂടെ കർത്താവിൻറെ വചനം തുടർന്നു മുഴങ്ങുന്നു.

അടുത്ത ചിത്രകഥ

# ആമോസ്

# ചോദ്യങ്ങൾ

1. പ്രവാചകന്മാർ രംഗപ്രവേശം ചെയ്ത സാഹചര്യം വിശദമാക്കുക.
2. ഏലിയാ  എന്ന പേരിൻറെ അർത്ഥം എന്ത്?
3. ഏലിയായുടെ  ജീവിതത്തിൽ മുന്നിട്ട് നിൽക്കുന്ന മൂന്ന് കാര്യങ്ങൾ ഏവ?
4. "നിന്റെ രക്തം നായ്ക്കൾ നക്കി കുടിക്കും", ആരുടെ? എന്തുകൊണ്ട്?
5. കർത്താവാണ് ദൈവം എന്ന് ജനം ഏറ്റുപറഞ്ഞ സാഹചര്യം വിശദമാക്കുക.
6. ഏലിയാ മരിക്കാനാഗ്രഹിച്ചതിനു  കാരണമെന്ത്?
7. ഹോറെബിൽ   വെച്ച് ഏലിയായ്ക്കു  ലഭിച്ച ദൗത്യമെന്ത്?
8. പ്രാർത്ഥിക്കുന്ന ഒരു മനുഷ്യനായിരുന്നു ഏലിയാ.  വിശദമാക്കുക.
9. മടങ്ങിവരുന്ന ഏലിയാ എന്തു  ചെയ്യും എന്നാണ് യഹൂദർ പ്രതീക്ഷിച്ചത്?
10. ഏലിയായെക്കുറിച്ചുള്ള പ്രതീക്ഷ ആരിലാണ് പൂർത്തിയായത്?

# സമ്പൂർണ്ണ ബൈബിൾ ചിത്രകഥകളിലൂടെ

1. കായേനും ആബേലും
2. അബ്രാഹം
3. യാക്കോബ്
4. ജോസഫ്
5. മോശ
6. ജോഷ്വാ
7. സാംസൺ
8. റൂത്ത്
9. സാമുവേൽ
10. സാവൂൾ
11. ദാവീദ്
12. ദാവീദുരാജാവ്
13. സോളമൻ
14. ഏലിയാ
15. ആമോസ്
16. ഹോസിയാ
17. മിക്കാ
18. ഏശയ്യാ
19. ജറെമിയാ
20. എസേക്കിയേൽ
21. സഖറിയാ
22. യോനാ
23. ജോബ്
24. തോബിത്
25. ദാനിയേൽ
26. സൂസന്ന
27. എസ്തേർ
28. യൂദിത്ത്
29. മക്കബേയൂസ്
30. മക്കബായർ
31. കാത്തിരിപ്പ്
32. ലോകത്തിന്റെ പ്രകാശം
33. മുന്നോടി
34. പ്രവാചകൻ
35. വിമോചകൻ
36. വരാനിരുന്നവൻ
37. പ്രപഞ്ചത്തിന്റെ നാഥൻ
38. ദൈവപുത്രൻ
39. മനുഷ്യപുത്രൻ
40. കുരിശിന്റെ നിഴലിൽ
41. മാർഗ്ഗം
42. ദാവീദിന്റെ പുത്രൻ
43. ജീവന്റെ അപ്പം
44. രക്ഷകൻ
45. എന്നും നമ്മോടുകൂടെ
46. തീനാവുകൾ
47. രക്തസ്നാനം
48. അകലങ്ങളിലേക്ക്
49. നൈവേദ്യം
50. പുതിയ ആകാശവും പുതിയ ഭൂമിയും